Malappuram District Police

## 25.10.2017 വഴിക്കടവ്

സോക്സിനുള്ളിൽ ഒളിപ്പിച്ച് കടത്തുകയായിരുന്ന 28,67,500 ലക്ഷം രൂപയുടെ കുഴൽപ്പണയുമായി വേങ്ങര സ്വദേശിയായ യുവാവിനെ വഴിക്കടവ് പോലീസ് പിടികൂടി. വേങ്ങര വെട്ടുതോട് കാപ്പിൽ സുഹൈൽ (28 വയസ്സ്) ആണ് പിടിയിലായത്.

ഗൂഡല്ലൂരിൽനിന്ന് പെരിന്തൽമണ്ണയിലേക്കുള്ള കെ.എസ്.ആർ.ടി.സി. ബസിൽ യാത്രക്കാരനായ ഇയാളെ വഴിക്കടവ് ടൗണിൽ വെച്ചാണ് പിടികൂടിയത്. 28 ലക്ഷത്തിന്റെ 2,000 രൂപാ നോട്ടുകളും ബാക്കി 500 രൂപാ നോട്ടുകളുമാണ് ലഭിച്ചത്.

രഹസ്യവിവരത്തെ തുടർന്ന് വഴിക്കടവ് എ.എസ്.ഐ-മാരായ അബ്ബാസ്, ശിവൻ, സി.പി.ഒ-മാരായ സലിം, ജയേഷ് എന്നിവർ ചേർന്നാണ് ഇയാളെ പിടികൂടിയത്.